ശങ്കരൻ കമ്മിഷൻ റിപ്പോർട്ട്

* 313. ശ്രീ. എം. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശങ്കരൻ കമ്മിഷൻ റിപ്പോർട്ടിൻമേൽ ഗവൺമെൻറ് എടുത്ത തീരുമാനം എന്തെല്ലാമാണ് ;

(ബി) ബോർഡിൽ അഴിമതി കാണിച്ച ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ മേൽ നടപടി സ്വീകരിച്ചു; നടപടികളും എന്തെല്ലാമാണ് ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുത മേനോൻ) :

(എ, ബി) അഡ്വക്കേറ്റ് ജനറലിൻെറ ഉപദേശത്തെ ആധാരമാക്കി അഴിമതി കാണിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ തക്കതായ നടപടികളും എടുക്കുവാൻ ബോർഡിനു് ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൻെറ മുൻ ചീഫ് എൻജിനീയർ ശ്രീ. വി. രംഗനാഥൻെറ കാലത്ത് ചില കോൺട്രാക്ടറുകളുടെ ഇനത്തിൽ ബോർഡിനുണ്ടായിട്ടുള്ള നഷ്ടം ഈടാക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ഇലക്ട്രിസിറ്റി ബോർഡിനു് ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് അഴിമതി നിരോധന നിയമമനുസരിച്ച് ശ്രീ. രംഗനാഥനെതിരെ നടപടി കൈക്കൊള്ളുന്നതിനും ഗവൺമെൻറ് ബോർഡിനു് നിർദ്ദേശം നൽകിയിട്ടുണ്ട്. അടുത്തകാലംവരെ ബോർഡിൻെറ ചീഫ് എൻജിനീയറായിരുന്ന ശ്രീ. എച്ച്. വൈദ്യനാഥയ്യർക്കെതിരെ കമ്മീഷൻെറ അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങളെ ആധാരമാക്കി കുറ്റപത്രം തയ്യാറാക്കി ശിക്ഷണ നടപടി കൈക്കൊള്ളുവാനും ബോർഡിനു് ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡ് ചെയർമാനായിരുന്ന ശ്രീ. ആർ. പി. നായർക്കെതിരെയുള്ള നിഗമനങ്ങളും അവസംബന്ധിച്ചുള്ള അഡ്വക്കേറ്റ് ജനറലിൻെറ ഉപദേശവും ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. ശ്രീ. ആർ. പി. നായരെ ചെയർമാൻ സ്ഥാനത്തുനിന്നും നീക്കം ചെയ്യണമോ എന്ന കാര്യം പരിഗണിക്കേണ്ടതു് ഗവൺമെൻറാണെന്നു് അഡ്വക്കേറ്റ് ജനറൽ ഉപദേശിച്ചിരുന്നു.

ഡയറി ഡവലപ്പുമെൻറ് പദ്ധതികൾ

* 82. (310) ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡയറി ഡവലപ്പ്മെൻറ് പദ്ധതികൾക്ക് ഈ വർഷത്തിൽ ആകെ എത്ര തുക നീക്കിവെച്ചിട്ടുണ്ട് ;

(ബി) ഇതിൽ കണ്ണൂർ ജില്ലക്ക് നീക്കിവച്ച സംഖ്യ എത്രയാണു്;

(സി) ഡയറി ഡവലപ്പുമെൻറിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിനു ഒരു കോർപ്പറേഷനോ, ബോർഡോ ഉണ്ടാക്കുവാൻ നടപടികളും സ്വീകരിക്കുമോ ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ) :

(എ) 17 ലക്ഷം രൂപാ.

LIBRARY ARCHIVES Kerala Legislative Assembly